പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1186 **15-10-2026-ൽ മറുപടിയ്ക്ക്**

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ജി. സുധാകരൻ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന പദ്ധതികളും ആശയങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ശ്രവണപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ ഒന്നു മുതൽ മൂന്നു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പ്രത്യേക പാഠപുസ്തകങ്ങൾ വികസിപ്പിച്ച് വിതരണം ചെയ്തു. ഇത്തരത്തിൽ ആകെ 12 പാഠപുസ്തകങ്ങളാണ് തയ്യാറാക്കി നൽകിയത്. ഈ പാഠപുസ്തകങ്ങളുടെ ഫലപ്രദമായ വിനിമയവും പഠനപ്രവർത്തനങ്ങളിൽ അവയുടെ ഉപയോഗവും ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത വിദ്യാലയങ്ങളിലെ സ്പെഷ്യൽ അധ്യാപകർക്കായി പ്രത്യേക അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചു.

കാഴ്ചപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ കുട്ടികൾക്കായി ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അനുരൂപീകരിച്ചു. അനുരൂപികരിച്ച പഠനസാമഗ്രികളുടെ ഉപയോഗവും അനുയോജ്യമായ പഠനവിനിമയരീതികളും അധ്യാപകർക്ക് പരിചയപെടുത്തുന്നതിനായി പ്രത്യേക അധ്യാപക ശാക്തീകരണപരിപാടിയും സംഘടിപ്പിച്ചു.

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഗുണമേന്മയുള്ളതും ഉൾച്ചേർന്നതുമായ വിദ്യാഭ്യാസം (Inclusive Education) ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി പഠന സാമഗ്രികളുടെ അനുരൂപീകരണത്തിനും യൂണിവേഴ്സൽ ഡിസൈൻ ഫോർ ലേണിംഗ് (Universal Design for Learning UDL) സമീപനത്തിനും പ്രത്യേക പ്രാധാന്യം നൽകി. ഇതുമായി ബന്ധപ്പെട്ട ആശയങ്ങളും പ്രായോഗിക രീതികളും പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്കും അവിടെ പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കും പരിചയ പ്പെടുത്തുന്നതിനായി അധ്യാപക ശാക്തീകരണപരിപാടികളിൽ പ്രത്യേക സെഷനുകൾ ഉൾപ്പെടുത്തി.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക വിദ്യാലയങ്ങളിൽ കെയർ, പ്രീ-പ്രൈമറി, പ്രൈമറി-1, സെക്കൻഡറി, പ്രി-വൊക്കേഷണൽ 1 വിഭാഗങ്ങളിലെ കുട്ടികൾക്കായി മൂന്നുമാസ പഠനപാക്കേജുകൾ വികസിപ്പിച്ച് നൽകി. ഈ പാക്കേജുകളെ അടിസ്ഥാനമാക്കിയുള്ള

പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഫലപ്രദമായി നടപ്പിലാക്കുനനതിനും അധ്യാപകരെ സജ്ജരാക്കുന്നതിനായി പ്രത്യേക അധ്യാപക സംഗമവും സംഘടിപ്പിച്ചു.

(ബി) ഓരോ പദ്ധതിയുടെയും ലക്ഷ്യവും നടപ്പാക്കിയ വർഷവും വിശദീകരിക്കാമോ;

മറുപടി: ഓരോ പദ്ധതിയുടെയും ലക്ഷ്യവും നടപ്പാക്കിയ വർഷവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു .

(സി) പ്രസ്തുത പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ പഠനനിലവാരത്തിലും പഠനഫലങ്ങളിലും ഉണ്ടായ പുരോഗതി ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ശ്രവണപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക വിദ്യാലയങ്ങളിലെ ഒന്നു മുതൽ മൂന്നു വരെ ക്ലാസുകൾക്കായി വികസിപ്പിച്ച 12 പാഠപുസ്തകങ്ങൾ 2025 ജൂൺ മുതൽ ഉപയോഗിച്ചുവരുന്നു. ഈ പാഠപുസ്തകങ്ങൾ ഉപയോഗിച്ചുള്ള അധ്യയനം നിലവിൽ രണ്ടാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. പാഠപുസ്തകങ്ങളുടെ ഉപയോഗത്തിലൂടെ കുട്ടികളുടെ പഠനനിലവാരത്തിലും പഠനഫലങ്ങളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ശാസ്ത്രീയമായി വിലയിരുത്തുന്നതിനായി ഈ അധ്യയനവർഷം പ്രത്യേക പഠനം നടത്താൻ ഉദ്ദേശിക്കുന്നു.

കാഴ്ച പരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പാഠപുസ്തക അനുരൂപീകരണം, പൊതുവിദ്യാലയങ്ങളിലെ ഉൾക്കൊള്ളുന്ന വിദ്യാഭ്യാസത്തിനായുള്ള അധ്യാപക ശാക്തീകരണ പരിപാടികൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള ത്രൈമാസ പഠനപാക്കേജുകൾ എന്നീ ശേഷിക്കുന്ന മൂന്ന് പദ്ധതികളിലൂടെയും കുട്ടികളുടെ പഠനനിലവാരത്തിലും പഠനഫലങ്ങളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ സംബന്ധിച്ച് ഇതുവരെ ശാസ്ത്രീയമായ വിലയിരുത്തൽ നടത്തിയിട്ടില്ല.

(ഡി) പ്രതീക്ഷിച്ച ഫലം കൈവരിക്കാത്ത ഏതെങ്കിലും പദ്ധതികൾ ഉണ്ടോ; എങ്കിൽ അവ പുനഃപരിശോധിക്കുന്നതിനും കൂടുതൽ ഫലപ്രദമായ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മറുപടി: ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ കെയർ, പ്രീ-പ്രൈമറി, പ്രൈമറി-1, സെക്കൻഡറി, പ്രീ-വൊക്കേഷണൽ-1 എന്ന വിഭാഗങ്ങൾക്കായി രണ്ട് ഘട്ടങ്ങളിലായി ത്രൈമാസ പാക്കേജുകൾ തയ്യാറാക്കി നൽകുകയും അവയെ അടിസ്ഥാനമാക്കി അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിപാടികളിൽ അധ്യാപകരിൽനിന്ന് ലഭിച്ച അഭിപ്രായങ്ങളും നിർദേശങ്ങളും പരിഗണിച്ച്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിനായി പ്രത്യേക പാഠ്യപദ്ധതി SCERT-യുടെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ശ്രവണപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക പാഠപുസ്തകങ്ങൾ -
2025-

ശ്രവണപരമായ വെല്ലവിളികൾ നേരിടുന്ന കട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ ഒന്നു മുതൽ മൂന്നു വരെ ക്ലാസുകളിലെ പഠനാവശ്യങ്ങൾ പരിഗണിച്ച് 12 പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കി 2025 ജൂണിൽ പുറത്തിറക്കി.

- ഭാഷാവികസനം, ആശയവിനിമയശേഷി, ആശയഗ്രഹണം, അടിസ്ഥാന പഠനശേഷികൾ എന്നിവ കുട്ടികളുടെ പഠനസാഹചര്യത്തിനും ആവശ്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ വികസിപ്പിക്കുക,
- പാഠ്യപദ്ധതിയിലെ ആശയങ്ങൾ കൂടുതൽ പ്രാപ്യവും അർത്ഥവത്തുമാക്കുക:
- അധ്യാപകർക്ക് ക്രമബദ്ധമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കുക എന്നിവയായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഈ പാഠപുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിനായി പ്രത്യേക അധ്യാപക ശാക്തീകരണ പരിപാടികളും സംഘടിപ്പിച്ചു.

2. കാഴ്ചപരമായ വെല്ലവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പാഠപുസ്തക അനുരൂപീകരണം 2025-കാഴ്ചപരമായ വെല്ലവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയ ങ്ങളിലെ ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ 2025-ൽ അനുരൂപീകരിച്ച് നൽകി.

- പാഠഭാഗങ്ങളിലെ വിവരങ്ങളും പഠനപ്രവർത്തനങ്ങളും കാഴ്ചപരമായ പരിമിതികൾ മൂലം കുട്ടികൾക്ക് അപ്രാപ്യമാകാതിരിക്കുക; സ്പർശനാധിഷ്ഠിതവും ശ്രവണാധിഷ്ഠിതവും അനുയോജ്യമായ മറ്റ് പഠനരീതികളിലൂടെയും ആശയഗ്രഹണവും സ്വതന്ത്രപഠനവും പ്രോത്സാഹിപ്പിക്കുക .
- പഠനത്തിൽ തുല്യാവസരം ഉറപ്പാക്കുക എന്നിവയായിരുന്നു ലക്ഷ്യങ്ങൾ.
- അനുരൂപീകരിച്ച പഠനസാമഗ്രികൾ ക്ലാസ്മുറികളിൽ പ്രയോജനപ്പെടുത്തുന്നതിന് അധ്യാപക ശാക്തീകരണ പരിപാടികളും സംഘടിപ്പിച്ചു.

3. പൊതുവിദ്യാലയങ്ങളിലെ ഉൾചേർന്ന വിദ്യാഭ്യാസത്തിനായുള്ള അധ്യാപക ശാക്തീകരണം 2023, 2024, 2025-

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള കട്ടികൾക്ക് അവരുടെ വൈവിധ്യമാർന്ന പഠനാവശ്യങ്ങൾക്കനുസരിച്ചുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി 2023-ലെയും 2024-ലെയും 2025 -ലെയും അവധിക്കാല അധ്യാപക ശാക്തീകരണ പരിപാടികളിൽ പാഠ്യപദ്ധതി അനുരൂപീകരണം, പഠനപ്രവർത്തനങ്ങളിലെ ആവശ്യനുസ്യത മാറ്റങ്ങൾ, Universal Design for Learning (UDL) എന്നീ വിഷയങ്ങളിൽ പ്രത്യേക സെഷനുകൾ ഉൾപ്പെടുത്തി.

- കട്ടികൾക്കിടയിലെ പഠനവൈവിധ്യം തിരിച്ചറിയുക:

- പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ പഠനസാമഗ്രികൾ, പഠനരീതികൾ, പഠനഫലങ്ങൾ എന്നിവയിൽ അനുയോജ്യമായ രീതികൾ അധ്യാപകർ അവലംബിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക:
- ക്ലാസുമുറിയിലെ പങ്കാളിത്തവും പഠനനേട്ടവും വർധിപ്പിക്കുക

എന്നിവയായിരുന്നു ലക്ഷ്യങ്ങൾ. പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്കും അവിടെ പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യുക്കേറ്റർമാർക്കും പ്രയോജനപ്പെടുന്ന തരത്തിലാണ് സെഷനുകൾ ഉൾപ്പെടുത്തിയത്.

4. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള ത്രൈമാസ പഠനപാക്കേജുകൾ

2023,2024

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക വിദ്യാലയങ്ങളിലെ കെയർ വിഭാഗം, പ്രീ-പ്രൈമറി, പ്രൈമറി-1, സെക്കൻഡറി, പ്രീ-വൊക്കേഷണൽ 1 വിഭാഗങ്ങൾക്കായി **2023**-ലും **2024**-ലുമായി ത്രൈമാസ പഠനപാക്കേജുകൾ വികസിപ്പിച്ച് നൽകി. കുട്ടികളുടെ വ്യക്തിഗത കഴിവുകളും പഠനവേഗവും പരിഗണിച്ച് ജീവിതനൈപുണ്യങ്ങൾ, ആശയവിനിമയം, സ്വയംപരിചരണം, സാമൂഹിക പങ്കാളിത്തം, പ്രായോഗിക പഠനശേഷികൾ എന്നിവ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിന് അധ്യാപകർക്ക് ക്രമബദ്ധമായ പഠനപ്രവർത്തനങ്ങൾ ലഭ്യമാക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. വികസിപ്പിച്ച ത്രൈമാസ പാക്കേജുകൾ നിലവിലും വിദ്യാലയങ്ങളിൽ ഉപയോഗിച്ചു വരുന്നു.

